LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി. കോറിഡോർ പദ്ധതി

49 (4209) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വേളി മുതൽ കോവളം വരെയുള്ള സ്ഥലത്ത് 300 ഏക്കർ ഭൂമി ഏറ്റെടുത്ത് ഐ.ടി. കോറിഡോർ പദ്ധതി നടപ്പിലാക്കാൻ ഉള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) തിരുവനന്തപുരത്ത് കഴക്കൂട്ടം ടെക്നോപാർക്ക് ബൈപാസ്സിനോട് ചേർന്ന് 270 ഏക്കറോളം ഭൂമി ഏറ്റെടുത്ത് ടെക്നോപാർക്ക് വികസനവും ഐ.ടി. കോറിഡോർ പദ്ധതിയും നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി ലാന്റ് അക്വിസിഷൻ ചട്ടപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഐ.ടി. രംഗത്ത് യുവാക്കൾക്ക് പരിശീലനം നൽകാൻ നടപടി

50 (4210) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ. ടി. രംഗത്ത് എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെന്ന് പറയാമോ ;

(ബി) ഐ.ടി. വ്യവസായത്തോട് ബന്ധപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് യോഗ്യത ലഭിച്ചവരെ സംസ്ഥാനത്ത് ആവശ്യാനുസരണം ലഭിക്കുന്നുണ്ടോ ;

(സി) ഇല്ലാത്തപക്ഷം ഐ.ടി. യിലും അനുബന്ധ വ്യവസായങ്ങളിലും തൊഴിൽ ലഭിക്കുവാൻ യുവജനങ്ങൾക്ക് പരിശീലനം നൽകുവാൻ പദ്ധതിയുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2002 Economic Review അനുസരിച്ച് 43,250 പേർ സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ നേരിട്ട് തൊഴിൽ ചെയ്യുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) കൊച്ചി നഗരത്തെ ഐ.ടി. അനുബന്ധ വ്യവസായത്തിന് ഏറ്റവും അനുയോജ്യമായ രണ്ടാമത്തെ നഗരമായി നാസ്സ്കോം തെരഞ്ഞെടുത്തിട്ടുണ്ട്. ഈ വ്യവസായത്തിനാവശ്യമായ പരിശീലനം നൽകുവാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. കൊച്ചിയിലും തിരുവനന്തപുരത്തും കോഴിക്കോടും ആദ്യഘട്ടത്തിൽ ചുരുങ്ങിയത് 10,000 പേർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

കെൽട്രോൺ വിവര സാങ്കേതിക വിദ്യാഭ്യാസ സെന്റർ നടത്തുന്ന കോഴ്സുകൾ

51 (4211) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ വിവര സാങ്കേതിക വിദ്യാഭ്യാസ സെന്ററിൽ അഡ്വാൻസ്ഡ് മിഡിൽവെർ ടെക്നോളജീസ് ആന്റ് സോക്കറ്റ് കമ്മ്യൂണിക്കേഷൻ എന്ന കോഴ്സ് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കോഴ്സ് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഈ കോഴ്സ് നടത്തുന്ന സെന്ററിലെ കമ്പ്യൂട്ടർ ലാബിന് വേണ്ടത്ര നിലവാരം ഉണ്ടോ എന്നും ഇന്റർനെറ്റുപോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) ഈ കോഴ്സിന്റെ പരിശീലകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്നും അവരുടെ വിദ്യാഭ്യാസയോഗ്യത എന്തെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ കോഴ്സ് പഠിച്ചിറങ്ങിയവർക്ക് ഐ.ടി. മേഖലയിൽ ജോലി സാദ്ധ്യത ഇപ്പോൾ ഉണ്ടോ എന്നും ഇല്ലെങ്കിൽ കെൽട്രോൺ ഇവർക്ക് ജോലി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(എഫ്) ഈ കോഴ്സ് പാസ്സായവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് ഏത് സ്ഥാപനമാണെന്നും കോഴ്സിന്റെ ഫീസ് എത്ര എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെൽട്രോണിന്റെ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. സർക്കാർ അനുമതി ആവശ്യമില്ല.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ബി.ടെക്, എം.സി.എ. ഡിഗ്രിയുള്ളവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെയാണ് പരിശീലകരായി നിയമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly